സ്ത്രീകളുടെ കാര്യത്തിൽ ഏർപ്പെടുത്തിയിട്ടുള്ള അഞ്ചാറ് നിബന്ധനകൾ ഞാൻ വായിച്ചു. ആ നിബന്ധനകളെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർക്കുലർ അവിടെ വിസി. ഇറക്കിയതാണ്. ഞാൻ അതിനോട് യോജിക്കുന്നില്ല. അത് വേറെ കാര്യം. അവിടെ സ്ത്രീകളുടെ പ്രവേശനം പൂർണ്ണമായി നിരോധിച്ചിരിക്കുന്നു എന്ന് പറഞ്ഞുതന്ന സബ്മിഷനാണ് ഞാൻ മറുപടി തന്നത്. അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ എന്ത് നടപടി സ്വീകരിക്കണമെന്നുള്ളത് സർക്കാർ ആലോചിക്കും.

12. അവയവദാനം

ശ്രീ. സാജുപോൾ: സർ, സാമാ താളവും ലോകത്തിന്റെ ഹൃദയതാളവും നിലച്ച ഈ ദുരന്തദിനത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയം ഇവിടെ അവതരിപ്പിക്കുകയാണ്. ഇന്ത്യയിൽ ആന്തരികാവയവങ്ങൾ കിട്ടാത്തതിനാൽ മിനിട്ടിൽ ഒരാൾ വീതം മരിക്കുകയാണ്. രണ്ടുലക്ഷത്തോളം പേർ അവയവം കാത്തിരിക്കുന്നവരുടെ പട്ടികയിലേക്ക് ഓരോവർഷവും എത്തുകയാണ്. വർഷത്തിൽ ഒരുകോടിയോളം ആളുകൾ മരിക്കുന്ന ഈ രാജ്യത്ത് അഞ്ചുലക്ഷം പേർക്കെങ്കിലും മസ്തിഷ്ക മരണം സംഭവിക്കുമ്പോൾ 80 പേർ മാത്രമാണ് അവയവദാനം നടത്താൻ തയ്യാറാകുന്നത്. അമേരിക്കയിലെ പ്രൊഫസർ നളിനി അമ്പാടി മുതൽ ട്രാഫിക് സിനിമയിലെ സന്ദേശംവരെ വളരെയേറെ ചർച്ച ചെയ്തുപ്പെട്ടിട്ടുള്ളതാണ്. ഞാൻ സമയച്ചുരുക്കംമൂലം അതൊന്നും വിശദീകരിക്കുന്നില്ല. 1994-ൽ പാർലമെന്റ് പാസ്സാക്കിയ ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആക്റ്റിന് 2011-ലും 2013-ലും ഭേദഗതി വരുത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ അവയവ വ്യാപാരികളും മാഫിയകളും രംഗത്തുണ്ട്. ഇപ്പോൾ കിഡ്നി ടൂറും കിഡ്നി മാരേജും വരെയുണ്ട്. കിഡ്നി ടൂർ ദാതാവിനെയും കൊണ്ട് ടൂർ പോകുക, അതുപോലെ വിവാഹം കഴിഞ്ഞശേഷം വൃക്ക കിട്ടിയതിനെത്തുടർന്ന് വിവാഹബന്ധം വേർപെടുത്തുക. ഇങ്ങനെ ദാരിദ്ര്യത്തിന്റെ പാരമ്യത്തിൽ വിൽപ്പനകളും വാഗ്ദാനലംഘനങ്ങളും നടത്തുന്ന പ്രവണതകളും നമുക്ക് അവസാനിപ്പിക്കാൻ കഴിയണം. ഇത് തടയുന്നതിന് ഈ രംഗത്ത് മുന്നേറിയ രാജ്യങ്ങളെ നമുക്ക് മാതൃകയാക്കാൻ കഴിയണം. വ്യാപകമായി നടക്കാനുള്ള ഇത്തരം പ്രവണതയ്ക്കെതിരെ അവബോധവും സംസ്കാരവും സൃഷ്ടിക്കണം. നമ്മുടെ നാട്ടിലൊന്ന് ജനസംഖ്യയുള്ള അമേരിക്കയിൽ മുപ്പത്തിനായിരം അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നുണ്ട്. അവിടെ ഡ്രൈവിംഗ് ലൈസൻസ് കിട്ടണമെങ്കിൽ സമ്മതപത്രം നൽകണം. ഇന്ത്യയിൽ രണ്ടുകോടിയിൽ ഒരാൾ അവയവദാനം നടത്തുമ്പോൾ സ്പെയിനിൽ ഇരുപത്തിനായിരത്തിൽ ഒരാൾ അവയവദാനം നടത്തുന്നു. അതുപോലെ സമ്മതപത്രം നൽകിയില്ലെങ്കിൽ അവയവങ്ങൾ എടുക്കുന്നത് തടയാൻ ബന്ധുക്കൾക്ക് അവകാശമില്ലാത്ത രാജ്യങ്ങൾ സ്പെയിൻ, സിംഗപ്പൂർ, ഓസ്ട്രേലിയ, ബെൽജിയം തുടങ്ങിയവയാണ്. ഐ.സി.യു.-വിൽ സവിശേഷമായി പരിശോധന നടത്തി സ്പെയിനിലെ ട്രാൻസ്പ്ലാന്റ് സർവ്വീസ് ഫൗണ്ടേഷൻ ദാതാക്കളെ കണ്ടെത്തുന്നുണ്ട്. ഇവിടെ സ്വാതി എന്ന കുട്ടിയുടെ മുതൽ അവയവ ദാതാക്കളായ റെയ്നി, സ്റ്റാൻലി അങ്ങനെ ധാരാളം പേരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കിഡ്നി ഫെഡറേഷൻ സഹകരിച്ച് വൃക്ക ദാനം ചെയ്ത ഹാദർ ഡേവിസ് പിതാവേർ, അപരിചിതന് ജീവിതം കൊടുത്ത കൊച്ചൗസേപ്പ് പിറ്റിപ്പള്ളി അങ്ങനെ ഒരുപാട് പേരെ നമുക്കിവിടെ സ്മരിക്കാൻ കഴിയും. അങ്കമാലി പിറ്റിൽമർപ്പാർ ആശുപത്രിയിലെ ഡോ. ടോണി ഫെർണാണ്ടസ് തുടങ്ങിയവരുടെ സേവനങ്ങളും ഓർക്കേണ്ടതാണ്. അതുപോലെ കോഴിക്കോട് മാവൂരിനടുത്ത് പെരുകുളത്തൂർ ഒരു അവയവദാന ഗ്രാമമാണ്. നമുക്ക് മൃതസഞ്ജീവനി പദ്ധതി നിലവിലുണ്ട്. എറണാകുളത്തെ സോർട്ട്, കോഴിക്കോടുള്ള പോസ്റ്റ്, പെന്നെയിലുള്ള മോഹൻ, അങ്കമാലിയിലെ ജീവധാര, തൃശ്ശൂരിലെ ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ, കിഡ്നി ഫൗണ്ടേഷൻ ഇവയൊക്കെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. നമുക്ക് അവയവം മാറ്റിവയ്ക്കാനുള്ള നടപടിക്രമങ്ങളുടെ ഭാഗമായി കൃത്യമായ വ്യവസ്ഥ, നടപടിക്രമങ്ങൾ വ്യവസ്ഥകരിക്കൽ മുതലായ കാര്യങ്ങൾ സ്വീകരിക്കുന്നതോടൊപ്പം ഇതിനായി ബ്രാൻഡ് അംബാസഡറെയടക്കം നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

10.40.AM] ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. മസ്തിഷ്കമരണ അവയവദാന പദ്ധതി (കടാവർ) 2012 ആഗസ്റ്റിലാണ് ഈ ഗവൺമെന്റ് ആരംഭിച്ചത്. ഇതിന്റെ കൺവീനർ തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രാംദാസ് വിശ്വാരടിയാണ്. കേരളത്തിൽ നടക്കുന്ന മസ്തിഷ്കമരണങ്ങൾ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കടാവർ ട്രാൻസ്പ്ലാന്റേഷൻ കേന്ദ്ര ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യുകയും അവയവങ്ങൾ ആവശ്യമായ വ്യക്തിക്ക് അവ ലഭ്യമാക്കുകയും ചെയ്യുന്നു. അവയവം ആവശ്യമുള്ള രോഗികളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ച് സീനിയോറിറ്റി ക്രമത്തിലാണ് അവ ലഭ്യമാക്കുന്നത്. മസ്തിഷ്കമരണം റിപ്പോർട്ട് ചെയ്യുമ്പോൾ അവ ലഭ്യമാക്കുക, പോസ്റ്റുമോർട്ടമുൾപ്പെടെയുള്ള നടപടികൾ ഏകോപിപ്പിക്കുക എന്നിവ ഈ ഓഫീസിന്റെ നേതൃത്വത്തിലാണ് നടക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടാവർ ട്രാൻസ്പ്ലാന്റേഷൻ പദ്ധതിക്ക് വളരെയേറെ പ്രാധാന്യമാണ് നൽകിവരുന്നത്. അവയവങ്ങൾ ലഭ്യമാകാത്തതിനാൽ മരണം സംഭവിക്കുന്നവരുടെ എണ്ണം സംസ്ഥാനത്ത് വളരെയധികമുണ്ട്. മരണം സംഭവിച്ചതിനുശേഷം അവയവങ്ങൾ ദാനംചെയ്യുന്നതിൽ ബന്ധുക്കൾ പലപ്പോഴും വിമുഖത കാണിക്കുന്നതിനാലാണ് ഇക്കാര്യത്തിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നത്. അതിനാലാണ് സർക്കാരിന്റെ നേതൃത്വത്തിൽ മൃതസഞ്ജീവനി എന്ന പദ്ധതിയാരംഭിച്ചത്. മസ്തിഷ്കമരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുക, മനുഷ്യ അവയവങ്ങളുടെ വ്യാപാരം തടയുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി സ്വകാര്യ മേഖലയിലുൾപ്പെടെ ഇത്തരത്തിൽ മസ്തിഷ്കമരണാനന്തരം അവയവങ്ങൾ ദാനം ചെയ്യാനാഗ്രഹിക്കുന്ന ബന്ധുക്കളെ നേരിൽക്കണ്ട് ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരുന്നു. ഇതിനായി ഏത് തരത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഉപദേശങ്ങൾക്കും സംഘായങ്ങൾക്കും മൃതസഞ്ജീവനി ഓഫീസുമായി 0471-2117660 എന്ന നമ്പരിൽ ഏത് സമയത്തും ബന്ധപ്പെടാവുന്നതാണ് വിവരങ്ങൾ വെബ്സൈറ്റിലും ലഭ്യമാണ്. അവയവദാന പ്രവർത്തനവുമായി ബന്ധപ്പെട്ട് കൺവീനർ, നോഡൽ ഓഫീസർ, കോ-ഓർഡിനേറ്റർമാർ കൗൺസിലർമാർ എന്നിവരെ ഏത് സമയത്തും ബന്ധപ്പെടാവുന്നതാണ്. മനുഷ്യ ശരീരത്തിലെ 22-ഓളം അവയവങ്ങളും അവയവഭാഗങ്ങളും മാറ്റിവയ്ക്കാവുന്നതാണ്. ഇതിൽ കേരളത്തിൽ ഏറ്റവും കൂടുതൽ നടക്കുന്ന ട്രാൻസ്പ്ലാന്റേഷൻ കിഡ്നി, കരൾ, ഹൃദയം, ഹൃദയ വാൽവ്, കണ്ണ് എന്നിവയാണ്. തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിലുൾപ്പെടെ എട്ട് ആശുപത്രികളിൽ കിഡ്നി ട്രാൻസ്പ്ലാന്റേഷൻ നമ്മുടെ സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നടത്തിവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഈ വർഷം ഡിസംബർ 31-നുള്ളിൽ കരൾമാറ്റ ശസ്ത്രക്രിയാ സംവിധാനം ആരംഭിക്കുന്നതാണ്. ഇതിനായുള്ള യൂണിറ്റ് രൂപീകരിച്ച് ട്രെയിനിംഗ് നൽകാനുള്ള നടപടികളാരംഭിച്ചുകഴിഞ്ഞു. ട്രെയിനിംഗ് ലഭ്യമാക്കേണ്ട സെന്ററുകളും തെരഞ്ഞെടുത്തുകഴിഞ്ഞു. സംസ്ഥാന കടാവർ പദ്ധതിയിൽ ഇതുവരെ 200-ഓളം അവയവങ്ങളും 100-ൽപ്പരം അവയവഭാഗങ്ങളും വാൽവ്, കണ്ണിന്റെ കൃഷ്ണമണി തുടങ്ങിയവയും മാറ്റിവച്ചുകഴിഞ്ഞു. കടാവർ ട്രാൻസ്പ്ലാന്റേഷൻ 125 എണ്ണമായപ്പോൾ 2013 ഡിസംബറിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വച്ച് ഇതിന്റെ പ്രവർത്തനാർത്ഥം മസ്തിഷ്കമരണം സംഭവിച്ച ആൾക്കാരുടെ അവയവങ്ങൾ വിട്ടുനൽകിയ ബന്ധുക്കളെ ആദരിക്കുക, ബോധവൽക്കരണം വിപുലപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഒരു ചടങ്ങ് സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ അവയവങ്ങൾ സ്വീകരിച്ച വ്യക്തികളെയും ദാനം ചെയ്തവരുടെ ബന്ധുക്കളെയും സംഘടിപ്പിച്ച് അവരെ ആദരിക്കുന്ന മറ്റൊരു ചടങ്ങ് കനക ക്കുന്നിൽ വച്ചും സംഘടിപ്പിച്ചു. ജീവിച്ചിരിക്കുന്ന വ്യക്തികളിൽനിന്നും അവയ വങ്ങൾ ദാനം ചെയ്യുന്നത് ഇതിനായുള്ള കേന്ദ്ര നിയമങ്ങൾക്കനുസൃതമായാണ്. അതിന് അനുമതി നൽകുന്നതിന് എല്ലാ മെഡിക്കൽ കോളേജുകളിലും ആതറൈസേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ കീഴിൽ ഒരു അപ്പീൽ കമ്മിറ്റിയും നിലവിലുണ്ട്. നിലവിൽ അവയവദാന പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ പ്രക്രിയകളിലും കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങളുള്ളതും അവ പാലിക്കുന്നുണ്ടെന്ന് കെ.എൽ.ഒ.എസ്.-ന്റെ നേതൃത്വത്തിൽ വിലയിരുത്തുന്നുമുണ്ട്. മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിന് സംസ്ഥാനത്തെ മൂന്ന് മേഖലകളായി തിരിച്ച് വിദഗ്ദ്ധരായ ഡോക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മൃതസഞ്ജീവനി പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിനും പൊതുജനങ്ങൾക്കിടയിൽ ഈ പ്രവർത്തനത്തിന് കൂടുതൽ സ്വീകാര്യത ഉറപ്പുവരുത്തുന്നതിനുമായി സിനിമ, കായിക മേഖലയിൽ നിന്നുള്ള പ്രശസ്ത വ്യക്തികളെയുൾപ്പെടുത്തിയുള്ള പരസ്യങ്ങൾ, ബ്രാൻഡ് അംബാസിഡറെ നിയമിച്ച് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, കൂടുതൽ ആളുകളിലേയ്ക്ക് ഇതിന്റെ പ്രാധാന്യവും മാഹാത്മ്യവും എത്തിക്കുക തുടങ്ങിയ പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് തീർച്ചയായും ആലോചിക്കും.

LIBRARY ARCHIVES Kerala Legislative Assembly